# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.197 27.06.2011-ൽ മറുപടിക്കുണ്ടായിരുന്നത്

## വിമാനത്താവളങ്ങൾ മുഖേന വിദേശയാത്ര

ചോദ്യം

ശ്രീ.ഇ.പി.ജയരാജൻ.

ഉത്തരം

ശ്രീ.കെ. ബാബു

(എക്സൈസും തുറമുഖവും

വകുപ്പു മന്ത്രി)

| ചോദ്യം | താല്ക്കാലിക മറുപടി | അന്തിമ മറുപടി |
|---|---|---|
| (എ) കേരളത്തിലെ വിമാനത്താവളങ്ങൾ മുഖേന പ്രതിവർഷം എത്ര മലയാളികൾ വിദേശയാത്ര നടത്തുന്നുവെന്ന കണക്കുകൾ സംസ്ഥാന സർക്കാർ ശേഖരിച്ചിട്ടുണ്ടോ; | (എ), (ബി) ആന്റ് (സി)<br><br>വിവരം ശേഖരിച്ചു നൽകുന്നതാണ്. | (എ), (ബി)ആന്റ് (സി)<br>വിമാനയാത്രക്കാരുടെ വിവരം സംസ്ഥാനം തിരിച്ച് ശേഖരിക്കുവാനുള്ള ഏർപ്പാടുകൾ നിലവിലില്ല. ഇൻഡ്യക്കാരും വിദേശികളും എന്നിവരുടെ എണ്ണം മാത്രമാണ് ലഭ്യമായുള്ളത്. സംസ്ഥാനം തിരിച്ചുള്ള കണക്കെടുപ്പില്ലാത്തതിനാൽ മലയാളികൾ കാരണമുള്ള വരുമാനം മാത്രമായി കണക്കാക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. |
| (ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (സി) ഇതിലൂടെ വിമാനക്കമ്പനികൾക്ക് (പൊതുമേഖലയും സ്വകാര്യ മേഖലയും ഉൾപ്പെടെ) പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാനം ഉണ്ടാകുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്; | | |

| | | |
|---|---|---|
| (ഡി)ഏതു വിമാനത്താവളംവഴിയാണ് ഏറ്റവുമധികം ആളുകൾ വിദേശയാത്ര നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി)ഏപ്രിൽ 2010 മുതൽ മാർച്ച് 2011 വരെ തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി വിമാനത്താവളങ്ങളിലൂടെ യഥാക്രമം 1842824, 1829752, 2358579 പേർ യാത്ര നടത്തിയിട്ടുണ്ട്. | (ഡി)ഏപ്രിൽ 2010 മുതൽ മാർച്ച് 2011 വരെ തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി വിമാനത്താവളങ്ങളിലൂടെ യഥാക്രമം 1842824, 1829752, 2358579 പേർ യാത്ര നടത്തിയിട്ടുണ്ട്. |
| (ഇ) ആകെ വിമാനയാത്രയുടെ എത്ര ശതമാനമാണ് ഓരോ വിമാനത്താവളം വഴിയും നടക്കുന്നത് എന്നത് സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (ഇ) തിരുവനന്തപുരം - 30.35%<br>കോഴിക്കോട് - 30.33%<br>കൊച്ചി - 39.10% | (ഇ) തിരുവനന്തപുരം - 30.35%<br>കോഴിക്കോട് - 30.33%<br>കൊച്ചി - 39.10% |

സെക്ഷൻ ഓഫീസർ